# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മടവൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി1/25/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:24.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-8 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി1/25/2019 തീയതി:24.01.2019

# കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.07.2017 മുതൽ 18.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.12.2018 മുതൽ 24.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി കെ ഉണ്ണി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രബോധ് കുമാർ കെ എം,<br>അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.പി ഉണ്ണികൃഷ്ണൻ,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഫ്സൽ ടി എം, ഓഡിറ്റർ<br>ശ്രീമതി.ജിഷ.പി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി.സി അബ്ദുൾ ഹമീദ് മാസ്റ്റർ | 01.04.2017–31.03.2018 |
| സെക്രട്ടറി | ശ്രീ. ഒ. സുലൈമാൻ | 01.04.2017–28.02.2018 |
| | ശ്രീമതി. പവിത്ര കെ. കെ അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.03.2018–31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. രേഖ. പി. ആനന്ദ് | 01.04.2017–31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു. പി | 01.04.2017–31.03.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഉഷാദേവി | 01.04.2017–31.03.2018 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹൈറുന്നിസ. എൻ. കെ | 01.04.2017–31.03.2018 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. രജീഷ് പുറപ്പൊടി | 01.04.2017–30.06.2017 |
| | ഡോ.സാഹിദ മജീദ് | 01.07.2017-31.03.2018 |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. എം. സുധാകുമാരി | 01.04.2017–30.05.2017 |
| | ശ്രീമതി. നഫീസ | 01.06.2017-31.08.2017 |
| | ശ്രീമതി.ഷീജ | 01.09.2017-31.03.2018 |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുൾഖാദർ. ടി. പി | 01.04.2017–31.03.2018 |
| വെറ്ററിനറി സർജൻ | ഡോ. പ്രിൻസി ശാന്തിനിലയം | 01.04.2017–25.10.2017 |
| | ഡോ.ജയശ്രീ. കെ വി | 26.10.2017-31.03.2018 |
| എൽ.വി.ഇ.ഒ | ശ്രീമതി. ശ്രീലത. എൻ.എസ് | 01.04.2017–31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേഷ്. എൻ | 01.04.2017–31.03.2018 |
| അസി. സെക്രട്ടറി | ശ്രീമതി. കെ.കെ. പവിത്ര | 01.04.2017–31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. | 2-1 |
| 14 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-2 |
| 15 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. | 2-3 |
| 16 | വസ്തുനികുതി പരിഷ്കരണത്തിലെ അപാകതകൾ – പരാതി ലഭിച്ചത് – നടപടി സ്വീകരിച്ച് അറിയിക്കുക. | 2-4 |
| | ഭാഗം – 3 | |
| 17 | അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ വാങ്ങിയതിലെ അപാകത | 3-1 |
| 18 | ജാഗ്രത സമിതി ശക്തിപ്പെടുത്തൽ – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി | 3-2 |
| 19 | സ്ട്രീറ്റ്ലൈറ്റ് കേടായത് – മാറ്റി സ്ഥാപിക്കൽ – പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ | 3-3 |

| | | |
|---|---|---|
| 20 | വ്യവസ്ഥകൾ പാലിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും പ്രോജക്റ്റിന് അംഗീകാരം നൽകുകയും പ്രോജക്റ്റ് നടപ്പിലാക്കുകയും ചെയ്തു. | 3-4 |
| 21 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് – ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നൽകുന്നില്ല. | 3-5 |
| 22 | മാലിന്യ നിർമ്മാർജ്ജനം – പൊതു ആവശ്യത്തിന് ഉപകരണം വാങ്ങൽ – വിതരണം ചെയ്ത സാധനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. | 3-6 |
| 23 | വെറ്റിനറി ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ – നടപടിക്രമം പാലിച്ചില്ല. | 3-7 |
| 24 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നില്ല – സർക്കാർ ഗ്രാന്റുകൾ വൻതോതിൽ നഷ്ടപ്പെടുന്നു. | 3-8 |
| 25 | റോഡ് പ്രവൃത്തികളിൽ പാച്ച് സോളിംഗ് വ്യാപകം | 3-9 |
| 26 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നു. | 3-10 |
| 27 | സ്പിൽഓവർ പ്രോജക്ടുകൾ – സ്പിൽ ഓവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കുന്നില്ല. | 3-11 |
| 28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-12 |
| 29 | വാഴക്കന്ന് വിതരണം – പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-13 |
| | ഭാഗം – 4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ചാർജ്/സർചാർജ് നടപടി വിവരം. | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-03-2017 തീയതിയിലെ 53/17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 17-05-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-2018--14-06-2018 | കെ.എസ്.എ.കെ.കെ.ഡി / ഇ2/1111/2018(37) -09/07/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

**പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 8045557 |
| വരവ് | 55098402 |
| ആകെ | 63143959 |
| ചെലവ് | 58818071 |
| നീക്കിയിരിപ്പ് | 4325888 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13264414 | 13264414 | 11690873 | 1573541 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6436040 | 6436040 | 5404161 | 1031879 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8996 | 8996 | 8996 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4597000 | 4597000 | 4596590 | 410 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3034167 | 3034167 | 2704021 | 330146 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6329094 | 6329094 | 5591229 | 737865 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1284439 | 1284439 | 1284439 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20999471 | 20999471 | 20999471 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3055 | 1042281 | 1045336 | 1041575 | 3761 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പൈക്ക | | 410000 | 0 | 410000 | 197168 | 212832 |
| എം പി ഫണ്ട് | | 13914 | 1214298 | 1228212 | 1179363 | 48849 |
| ഐ സി ഡി എസ് | | 77378 | 899658 | 977036 | 260941 | 716095 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 412285 | 505000 | 917285 | 505000 | 412285 |
| | ജില്ലാ പഞ്ചായത്ത് | 0 | 672500 | 672500 | 507500 | 165000 |
| ബി ഫണ്ട് വിധവകളുടെ പെൺ മക്കളുടെ | | 0 | 210000 | 210000 | 210000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വിവാഹധന സഹായം | | | | | | |
| തൊഴിലില്ലായ്മ വേതനം | | 0 | 102960 | 102960 | 102960 | 0 |
| നെൽ കർഷകർക്കുള്ള ഇൻസെന്റീവ് | | 0 | 25000 | 25000 | 25000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4321068 | 9222000 | 13543068 | 13050515 | 492553 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2248509 | 4009361 | 6257870 | 1691446 | 4566424 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 221 | 194 | 10 | 17 | 87.7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3055 | 1042281 | 1045336 | 1041575 | 3761 |
| ഗുണഭോക്താക്കൾക്ക് | 0 | 20999471 | 20999471 | 20999471 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102960 | 190 |
| കർഷകതൊഴിലാളി പെൻഷൻ | 6218800 | 563 |
| വിധവാപെൻഷൻ | 12503700 | 1085 |
| വാർദ്ധക്യകാലപെൻഷൻ | 13747300 | 1092 |
| വികലാംഗപെൻഷൻ | 3750700 | 315 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28975 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.18 | 31.01.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2015 - 07.01.2016 | 2010-11 മുതൽ 2014-15 വരെ | LBAC(HQ)VI 8A 2371/388/ 24/2/2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1)വസ്തു നികുതി- സഞ്ചയ (DCB Abstract) പ്രകാരമുള്ള കളക്ഷൻ തുകയും സാംഖ്യ പ്രകാരമുള്ള (ആർ പി 43) തുകയും പൊരുത്തപ്പെടുന്നില്ല.

2)ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ ഏകൗണ്ടിൽ (I-17(a)) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണമല്ല. സചിത്രയിൽ മൂലധന ആസ്തികൾ കൊണ്ട് വന്നിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

### 1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

മടവൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം താഴെ പറയുന്ന സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം (ഡി & ഒ രജിസ്റ്റർ ക്രമ നം.) | ഡി & ഒ ലൈസൻസ് പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മാവേലി സ്റ്റോർ (5) | 4 |
| 2 | ഫെയ്മസ് ബേക്കറി (29) | 4 |
| 3 | മടവൂർ പ്ലാസ്റ്റിക് (100) | 10 |

മേൽ പട്ടികയിൽ ക്രമ നം.3 സ്ഥാപനത്തിന് ശ്രീ.മുഹമ്മദ് വലാറമ്പത്ത് പ്ലാസ്റ്റിക് ചാക്ക് നിർമ്മാണ യൂണിറ്റിന്റെ (മടവൂർ പ്ലാസ്റ്റിക്) ഡി & ഒ ലൈസൻസിനായി നൽകിയ അപേക്ഷയിൽ 10 തൊഴിലാളികൾ ഉള്ളതായി കാണാൻ കഴിഞ്ഞു എന്നും തൊഴിൽ നികുതി റിട്ടേൺ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണെന്നും 7.8.17 ന് അന്വേഷണ റിപ്പോർട്ടായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 5 ജീവനക്കാരുടെ തൊഴിൽ നികുതി മാത്രം അടവാക്കിയതായി കാണുന്നു.

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

### 2) വാണിജ്യ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

മടവൂർ ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 158 വാണിജ്യസ്ഥാപനങ്ങളാണ് തൊഴിൽ നികുതി അടവാക്കിയത്. എന്നാൽ രജിസ്റ്ററിൽ ഇവയുടെ ക്രമ നം. രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് കെട്ടിടം ഉപയോഗിക്കുന്നവരുടെ പേര്, തൊഴിൽ, കൈവശം

വയ്ക്കുന്ന കാലയളവ് സംബന്ധിച്ച വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകി ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അത് പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയതായോ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതായോ കാണുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2017-18 തിയ്യതി 22.12.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം , വ്യവസായം ,മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ --- 1685

100 ച മി ക്ക് ന്ന മുകളിൽ വിസ്തൃതിയുള്ളത് ------ 20

ഓഫീസ് ആവശ്യത്തിനുള്ളത് 16

വ്യവസായിക ആവശ്യത്തിനുള്ളത് 16

ഇതര വ്യവസായത്തിനുള്ളത് 13

ആകെ 1750

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 27/11/17 ലെ തീരുമാനം 170(2) പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ കടകൾക്കും ലൈസൻസ് എടുപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട് . എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1750 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ 159 പേർ മാത്രമാണ് 2017-18 ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ് . ഇക്കാര്യം പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. വളരെ കുറഞ്ഞ തനത് വരുമാനമുള്ള പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം പോലും നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ആയതിനാൽ ടി വിഷയം പഞ്ചായത്ത് പരിശോധിക്കേതാണ്.

## 2-3 <u>സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 733824 |
| പൊതു ടാപ്പുകൾ | 38064 |
| ആകെ | 771888 |

സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാവുന്നതാണെന്ന വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 വസ്തു നികുതി പരിഷ്കരണത്തിലെ അപാകതകൾ-പരാതി ലഭിച്ചത്- നടപടി സ്വീകരിച്ച് അറിയിക്കുക

പഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയം നടത്തിയത് കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചല്ലെന്ന് കാണിച്ച് കൊണ്ട് ശ്രീ അഷറഫ് വി എൻ (വടക്കെ നെച്ചോളി, മടവൂർ പി ഒ-673585) എന്നയാൾ ഓഡിറ്റ് കാര്യാലത്തിൽ പരാതി നൽകിയിരുന്നു. പഞ്ചായത്ത് ഓഫീസിന്റെ സമീപത്തുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നികുതിയാണ് ഈടാക്കുന്നത് എന്ന് പരാതിയിൽ സൂചിപ്പിക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നം | ഈടാക്കിയ നികുതി |
|---|---|---|---|
| 1 | അസയിൻ | 8/121 | 223 |
| 2 | മുഹമ്മദ് സലീം | 8/124 | 248 |
| 3 | അബൂബക്കർ, ആയിശ | 8/125 | 147 |
| 4 | പ്രകാശൻ | 8/226 | 29 |

| | | | |
|---|---|---|---|
| 5 | അബ്ദുൽഗഫൂർ | 8/55 | 127 |

2013 ൽ സഞ്ചയയിൽ ഈ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നം | കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ കാല പഴക്കം | ഈടാക്കിയ നികുതി | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്നിട്ടുണ്ടോ ? |
|---|---|---|---|---|---|---|
| 1 | അസയിൻ മൂപറമ്പത്ത് | 8/121 | വീട് | 8 വർഷം | 223 | ഇല്ല |
| 2 | സി.കെ മുഹമ്മദ് സലീം | 8/124 | വീട് | 4 വർഷം | 248 | ഇല്ല |
| 3 | അബൂബക്കർ,ആയിശക്കുട്ടി | 8/125 | വീട് | 11 | 147 | ഇല്ല |
| 4 | പ്രകാശൻ കൊയിലോത്ത് | 8/226 | വീട് | 80 | 29 | ഇല്ല |
| 5 | അബ്ദുൽഗഫൂർ നാട്ടിപ്പാറക്കൽ | 8/55 | വീട് | 20 | 127 | ഇല്ല |

പഴയ കെട്ടിടങ്ങളായതിനാൽ മേൽ കെട്ടിടങ്ങൾക്കെല്ലാം വാർഷിക വാടക അടിസ്ഥാനത്തിൽ ഈടാക്കിയിരുന്ന കെട്ടിട നികുതി തുടർന്ന് പോരുന്നതായാണ് കാണുന്നത്.

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിന്, കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ അസസ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല.

ഈ കെട്ടിടങ്ങളിലും പഞ്ചായത്ത് പരിധിയിലെ മറ്റ് കെട്ടിടങ്ങൾക്കും മേൽ വസ്തുനികുതി ചുമത്തിയതിന് ശേഷം ഘടനാപരമായ മാറ്റം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ 27/11/2017 ലെ തീരുമാനം നം. 170(2) പ്രകാരം സഞ്ചയയിൽ ഉൾപെടാത്ത വീടുകളും, നികുതി കുറഞ്ഞ വീടുകളും കണ്ടെത്താൻ പരിശോധന നടത്തുന്നതിന് തീരുമാനിച്ചതായി കാണുന്നു. എന്നാൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ കെട്ടിടങ്ങളിലും, പഞ്ചായത്ത് പരിധിയിൽപെട്ട മറ്റു കെട്ടിടങ്ങളിലും ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളെ പുതിയ കെട്ടിടങ്ങളായി പരിഗണിച്ച് പുതിയ ചട്ടങ്ങളനുസരിച്ച് വസ്തു നികുതി നിർണയിക്കേണ്ടതാണ്. *(സ. ഉ (എം എസ് നം 358/15 ത.സ്വ.ഭ വ തി. 16/12/15)* ആയതിനാൽ മേൽ കെട്ടിടങ്ങൾ ഓവർസിയറെ കൊണ്ട് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗൻവാടികളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ വാങ്ങിയതിലെ അപാകത

2017 -18 വർഷം അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതിൽ വിതരണക്കാരുമായി കരാർ ചമച്ചപ്പോൾ സാധനങ്ങളുടെ വാറന്റി സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയില്ല. വിശദാംശം ചുവടെ :-

പ്രൊജക്റ്റ്- അംഗൻവാടികളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്റ്റ് നമ്പർ - 116/18

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ - 2,75,000 രൂപ (സംരക്ഷണഗ്രാന്റ് നോൺറോഡ്)

ചെലവ് - 2,75,000 രൂപ ( bill no. 7/17-18 dtd 27.01.2018)

3 അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കാനായി കമ്പ്യൂട്ടർ, പ്രൊജക്റ്റർ, മറ്റ് ഉപകരണങ്ങൾ വാങ്ങാനായാണ് പ്രൊജക്ട് തയ്യാറാക്കിയത്. 3 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, 3 യുപിഎസ്, 3 പ്രൊജക്റ്റർ എന്നിവയാണ് മേൽ ബിൽ പ്രകാരം വാങ്ങിയത്. സാധനങ്ങൾ വിതരണം ചെയ്തത് Bezare Power Solutions എന്ന സ്ഥാപനമാണ്. ഇവരുമായി കരാർ ചമച്ചപ്പോൾ സാധനങ്ങളുടെ വാറന്റി സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയില്ല. എത്ര വർഷമാണ് വാറന്റിയെന്നും ഈ കാലാവധിയിൽ വരുന്ന റിപ്പയറുകൾ എങ്ങനെ പരിഹരിക്കുമെന്നും, പരിഹരിച്ചില്ലെങ്കിൽ എന്ത് നഷ്ടപരിഹാരം വിതരണം ചെയ്തവർ നൽകണമെന്നും വ്യക്തമാക്കിയ കരാർ ചമച്ചില്ല.

മേൽ അപാകതകൾ കാരണം ചെലവഴിച്ച തുക 2,75,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. അപാകതകൾ പരിഹരിച്ച് പുതിയ കരാർ ചമച്ച് മെയിന്റനൻസ് യഥാസമയം ചെയ്യുന്ന മുറക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## **3-2** <u>ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ - മാർഗ്ഗരേഖക്ക് വിരുദ്ധമായി ധനസഹായം നൽകി</u>

2017-18 വർഷം നടപ്പാക്കിയ ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ പ്രൊജക്റ്റിൽ ധനസഹായം നൽകിയപ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ :-

പ്രൊജക്ട് – ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ

പ്രൊജക്ട് നമ്പർ – 119/18

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ – 50,000 രൂപ (വികസന ഫണ്ട്)

ചെലവ് – 33,370 രൂപ ( bill no. 9/17-18 dtd 24.03.2018)

ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലൂടെ പഞ്ചായത്തിലെ വനിതകളുടേയും കുട്ടികളുടേയും ക്ഷേമം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത ജീവിതം ഉണ്ടാക്കുന്നതിനുമാണ് മേൽ പ്രൊജക്ട് രൂപീകരിച്ചത്.

പ്രൊജക്ട് പ്രകാരം പതിനേഴ് വാർഡുകളിലെ ഉള്ള സ്ത്രീകൾക്ക് ബോധവത്കരണ ക്ലാസുകൾ നടത്തുകയാണ് ചെയ്തത്. 1,2,3,4,5,6 വാർഡുകൾക്ക് 21.3.2018 നും മറ്റ്

വാർഡുകൾക്ക് 23.3.2018 നുമാണ് ക്ലാസുകൾ നടത്തിയത്. ഭക്ഷണം, മൈക്ക് സെറ്റ് വാടക, ട്രെയിനർമാർക്കുള്ള വേതനം എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്. ക്ലാസ് എടുത്തവർ വേതനം ലഭിച്ചപ്പോൾ കൈപ്പറ്റിയ രസീതിയിൽ 'ജാഗ്രതാസമിതിക്ക് ബോധവത്കരണ ക്ലാസുകൾ നടത്തിയ വകയിൽ' എന്ന് കാണിച്ചാണ് വേതനം കൈപ്പറ്റിയത്.

സ ഉ (എം എസ്) നമ്പർ 80/2017തസ്വഭവ തീയതി 3.4.2017 ഖ 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ , മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠനയാത്രകൾ മുതലായവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല.

മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ജാഗ്രതാസമിതിക്ക് ബോധവത്കരണ ക്ലാസുകൾ നടത്തിയ വകയിൽ തുക ചെലവഴിച്ചത് ചട്ടപ്രകാരമല്ലാത്തതിനാൽ ചെലവഴിച്ച തുക 33,370 രൂപ തടസ്സത്തിൽ വെക്കുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് കേടായത്- മാറ്റി സ്ഥാപിക്കൽ - പ്രൊജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ

2017 -18 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് കേടായത്- മാറ്റി സ്ഥാപിക്കൽ ഇനത്തിൽ രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഒന്ന് സ്പിൽ ഓവറും മറ്റൊന്ന് ആ വർഷത്തിൽ നടപ്പാക്കിയതുമാണ്. വിശദാംശം ചുവടെ :-

I) പ്രൊജക്ട് – സ്ട്രീറ്റ് ലൈറ്റ് കേടായത്- മാറ്റി സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ – 256/18

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ – 3,00,309 രൂപ (വികസന ഫണ്ട്)

ചെലവ് – 2,70,897 രൂപ ( bill no. 4956/17-18 dtd 22.07.2017)

II) പ്രൊജക്ട്- സ്ട്രീറ്റ് ലൈറ്റ് കേടായത്- മാറ്റി പുതിയത് സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ - 90/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 12,00,000രൂപ (വികസന ഫണ്ട്)

ചെലവ്- (i) 29790 രൂപ ( bill no. 65924/17-18 dtd 24.02.2018) installation charge to KSEB

(ii)1168001 രൂപ ( bill no. 47987/17-18 dtd 29.12.2017) ക്രൂസിന് കൊടുത്തത്.

ഈ രണ്ട് പ്രൊജക്ടുകളും സ്ട്രീറ്റ് ലൈറ്റ് കേടായത് മാറ്റി പുതിയത് സ്ഥാപിക്കാനാണ് നടപ്പാക്കിയത്. ഒന്നാമത്തെ പ്രൊജക്ട് പ്രകാരം ഒരു യൂണിറ്റ് കേടായത് നന്നാക്കാൻ 501 രൂപ നിരക്കിൽ 600 യൂണിറ്റുകൾ നന്നാക്കാനാണ് തുക വെച്ചിരുന്നത്. എന്നാൽ ടെൻഡർ ക്ഷണിച്ചിരിക്കുന്നത് പുതിയ യൂണിറ്റുകൾ മുഴുവൻ മാറ്റി സ്ഥാപിക്കാനാണ്. ഇതിനായി മലപ്പുറം ജില്ലയിലെ Allumina Electronics എന്ന സ്ഥാപനം ടെൻഡർ സ്വീകരിക്കുകയും 140 യൂണിറ്റുകൾ 1809.52 രൂപ നിരക്കിൽ സ്ഥാപിക്കാൻ കരാർ നൽകുകയും ചെയ്തു. നികുതിയിനത്തിൽ 12,667രൂപയും KSEB ക്ക് സൂപ്പർവിഷൻ ചാർജിനത്തിൽ 4897 രൂപയും നൽകിയിട്ടുണ്ട്.

രണ്ടാമത്തെ പ്രൊജക്ടിൽ ക്രൂസിൽ നിന്ന് 365 യൂണിറ്റുകൾ LED , 24 W ന്റെ ബൾബ് 2699 രൂപ നിരക്കിൽ വാങ്ങി. ഇത് പ്രകാരം ക്രൂസിന് ഇൻസ്റ്റലേഷൻ ചാർജിനത്തിൽ 365 എണ്ണത്തിന് 150 രൂപ നിരക്കിൽ 54,750 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ KSEB നരിക്കുനിക്ക് ഇൻസ്റ്റലേഷൻ/ സൂപ്പർവിഷൻ ചാർജിനത്തിൽ 29790 രൂപയും നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ഒന്നാമത്തെ പ്രൊജക്ട് പ്രകാരം കേടായ ഒരു യൂണിറ്റ് മാറ്റി സ്ഥാപിക്കാൻ 501 രൂപ നിരക്കിൽ 600 യൂണിറ്റുകൾ മാറ്റി സ്ഥാപിക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയത്. എന്നാൽ, നടപ്പിൽ വരുത്തിയപ്പോൾ, 140 യൂണിറ്റുകൾ 1809.52 രൂപ നിരക്കിൽ സ്ഥാപിക്കാൻ കരാർ നൽകുകയുമാണ് ചെയ്തത്.

2) രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയപ്പോഴും പഴയ യൂണിറ്റുകൾ മാറ്റിയത് സ്റ്റോക്കിലെടുക്കുകയോ അത് വില്പന നടത്തുകയോ ചെയ്തില്ല.

3) രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയപ്പോഴും നിലവിലെ തെരുവ് വിളക്കുകളുടെ അവസ്ഥ പരിഗണിക്കാതെ [പ്രവർത്തന രഹിതമാകുന്നതിനുള്ള അടിസ്ഥാന കാരണം പരിഗണിക്കാതെ] മുഴുവൻ മാറ്റി പുതിയത് സ്ഥാപിക്കുകയാണുണ്ടായത്.

4) ഒന്നാമത്തെ പ്രൊജക്ടിൽ Allumina Electronics എന്ന സ്ഥാപനവുമായി വെച്ച കരാറിൽ നമ്പർ, തിയ്യതി, വാറന്റി, സർവ്വീസ് തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്ററിൽ 140 വിളക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച എന്നേ രേഖപ്പെടുത്തിയിട്ടുള്ളൂ. വാറന്റി മുതലായ കാര്യങ്ങൾ ചേർത്തിട്ടില്ല. അതിനാൽ തുടർ

സേവനം ഉറപ്പ് വരുത്താനോ യഥാസമയം സേവനം ലഭ്യമല്ലെങ്കിൽ വ്യവഹാര നടപടികൾ സ്വീകരിക്കുന്നതിനു കഴിയാതെ വരുന്നു.

6) തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കുകയോ ഏതൊക്ക പോസ്റ്റിലാണ് വിളക്കുകൾ സ്ഥാപിച്ചതെന്നോ വ്യക്തമാക്കിയിട്ടില്ല.

7) മെമ്പർമാർ നൽകിയ കത്ത് മാത്രം ആധാരമാക്കിയാണ് കരാറുകാരന് തുക നൽകിയത്.

8) ഒന്നാമത്തെ പ്രൊജക്ടിൽ സൂപ്പർവിഷൻ ചാർജിനത്തിൽ കെ എസ് ഇ ബിക്ക് 4897 രൂപ നൽകിയിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബി ഏതൊക്കെ പോസ്റ്റിലാണ് വിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

9) സ ഉ (സാധാ) 1093/2017 ത സ്വ ഭ തി 5.4.2017 പ്രകാരം കേരള ഗ്രാമജ്യോതി ലൈറ്റിംഗ് സ്വന്തമായി ഉത്പ്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ക്രൂസ് വിതരണം ചെയ്തത് അത്തരത്തിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖ ലഭ്യമല്ല.

10) ഇൻസ്റ്റലേഷൻ ചാർജിനത്തിൽ ക്രൂസിന് 54750 രൂപയും, KSEB യ്ക്ക് 29790 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ പോസ്റ്റിലാണ് സ്ഥാപിച്ചതെന്നും രണ്ട് കൂട്ടർക്കും ഇൻസ്റ്റലേഷൻ ചാർജ് നൽകിയതിന്റെ കാരണവും വ്യക്തമല്ല.

11) രണ്ട് പ്രൊജക്ടുകളും നടപ്പാക്കിയപ്പോൾ ഏതൊക്കെ പോസ്റ്റിലാണ് വിളക്കുകൾ സ്ഥാപിച്ചതെന്ന് മെമ്പർമാർ നൽകിയ കണക്കാണ് ഫയലിൽ ഉള്ളത്. ഇത് പ്രകാരം തന്നെ ഒന്നാമത്തെ പ്രൊജക്ടിൽ വിളക്കുകൾ സ്ഥാപിച്ച (മെയ് 2017) പോസ്റ്റിൽ തന്നെ രണ്ടാമത്തെ പ്രൊജക്ടിലും വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനർത്ഥം ആദ്യത്തെ വിളക്ക് സ്ഥാപിച്ചതിന് ശേഷം പ്രവർത്തിക്കാതിരുന്നതിനാൽ വാറന്റി കാലയളവിൽ പുതിയത് വീണ്ടും സ്ഥാപിച്ചു. അല്ലെങ്കിൽ നിലവിൽ വിളക്കുകൾ ഉള്ള പോസ്റ്റിൽ വീണ്ടും രണ്ടാമത്തെ പ്രൊജക്ടിലും വിളക്കുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി.

രണ്ട് രീതിയിലായിരുന്നാലും ഗ്രാമപഞ്ചായത്തിന് ധനനഷ്ടം ഉണ്ടായി. വിശദാംശം ചുവടെ :-

| ക്രമ നമ്പർ | വാർഡ് നമ്പർ | രണ്ട് പ്രൊജക്ടിലും വിളക്കുകൾ സ്ഥാപിച്ച പോസ്റ്റിന്റെ നമ്പർ | ആകെ എണ്ണം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | I | (i) SA- 2/3; (ii) SA- 9 (iii) SA 9/11X (iv) AT 24/14 (v) AT 24/7 (vi) AT 35 (vii) AT 51/8<br>(viii) AT 51/18 C | 8 |
| 2 | III | (i)KH 24/1 (ii) EPR -15/2 (iii) EPR 8/3A | 3 |
| 3 | VII | (i) N/PK 64 (ii) N /PK 74 (iii) N/ KK 67/7 | 3 |
| 4 | X | (i) N/PU-14, (ii) N/PK – 47 | 2 |
| 5 | XIII | (i)AC/20/7 (ii) AC/6/5 | 2 |
| 6 | XVI | NAC- 38 | 1 |
| | | ആകെ | 19 |

രണ്ടാമത്തെ പ്രൊജക്ടിൽ ഒരു വിളക്ക് സ്ഥാപിക്കാൻ ചെലവായ തുക 3282രൂപയാണ് (29790+1168001 = 1197791/365 = 3282 രൂപ). ഈ നിരക്കിൽ 19 വിളക്ക് സ്ഥാപിക്കാൻ ചെലവായ തുക 62,358 രൂപയാണ്. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കിയുള്ള തുക - 11,35,433 രൂപയുടെ ചെലവ് മേൽ പരാമർശിച്ച കാരണത്താൽ തടസ്സത്തിൽ വെക്കുന്നു.

ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് മുമ്പായി പഞ്ചായത്ത്

ഭരണസമിതിയോ സ്റ്റാന്റിംഗ് കമ്മിറ്റിയോ വിലയിരുത്തിയതായി കണ്ടില്ല. രണ്ട് പ്രൊജക്ടിലും സ്ഥാപിച്ച തെരുവ് വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണെന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. മേൽ രജിസ്റ്ററിൽ തന്നെ തുടർന്നുള്ള തെരുവ് വിളക്കുകളുടെ വാങ്ങൽ, റിപ്പയർ മറ്റു സേവനങ്ങൾ മുതലായ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

## **3-4** <u>വ്യവസ്ഥകൾ പാലിക്കില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും പ്രൊജക്ടിന് അംഗീകാരം നൽകുകയും പ്രൊജക്ട് നടപ്പിലാക്കുകയും ചെയ്തു.</u>

പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ആദ്യപടിയാണ് ആവശ്യകത നിർണ്ണയിക്കുക, മുൻഗണന നിശ്ചയിക്കുക അതിനനുസരിച്ച് ഫണ്ട് കണ്ടെത്തുക മുതലായാവ. ഇവ കഴിഞ്ഞാൽ പിന്നെ പ്രൊജക്ട് നടപ്പാക്കുന്നതിന് മുന്നോടിയായുള്ള അടുത്ത സ്റ്റേജ് പ്രൊജക്ട് രൂപീകരണ ഫോറം 1,2,3 ഇവയിലൊന്നിൽ പ്രൊജക്ട് നടപ്പാക്കുന്ന രീതി വിശദമായി പ്രതിപാദിക്കലാണ്. ഇതനുസരിച്ചായിരിക്കണം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് നടപ്പാക്കേണ്ടത്. ഈ പ്രൊജക്ടിൽ ആമുഖം, ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, സാമ്പത്തിക വിശകലനം, പ്രവർത്തനങ്ങളുടേയും ചെലവുകളുടേയും വിശദാംശങ്ങൾ, ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ, പരിശീലനങ്ങൾ, അധിക വിവരങ്ങളും രേഖകളും, കൂടാതെ മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. ഏറ്റവും അവസാനമായി വിഷയ മേഖലാ അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളായ പുള്ളൂണിച്ചാൽ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ (KWA) (പ്രൊജക്ട് നം. 285/18); സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ (പ്രൊജക്ട് നം. 102/18); മോഡൽ അംഗൻവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം. 287/18); എന്നീ പ്രൊജക്ടുകളുടെ IV വിഷയമേഖലാ അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും വ്യവസ്ഥകളിൽ ചേർത്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വ്യവസ്ഥകൾ | ഫോറത്തിൽ ഉൾപ്പെടുത്തിയ വിവരം |
|---|---|---|

| | | |
|---|---|---|
| 1 | നിർദ്ദേശിക്കപ്പെട്ട ഫോറത്തിലാണോ പ്രൊജക്റ്റ് തയ്യാറാക്കിയത് | അല്ല |
| 2 | പഞ്ചായത്ത് ആക്റ്റ് പ്രകാരം ഏറ്റെടുക്കാവുന്നതാണോ ? | അല്ല |
| 3 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ ? | അല്ല |
| 4 | പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ വിഷയമേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതാണോ ? | അല്ല |
| 5 | ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ പ്രൊജക്റ്റ് ആണോ ? | അല്ല |
| 6 | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 7 | അനുവദനീയമായ വിഭാഗങ്ങൾക്കാണോ സബ്സിഡി നൽകുന്നത് ? | ബാധകമല്ല |
| 8 | സബ്സിഡിയുടെ തുക – ശതമാന പരിധികൾ പാലിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 9 | വകുപ്പ് പരിപാടികളിലൂടെ ലഭ്യമാക്കാൻ കഴിയാത്ത | അല്ല. |

| | | |
|---|---|---|
| | പ്രവർത്തന ഇനങ്ങളാണോ ? | |
| 10 | എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ചതിൽ സാങ്കേതികമായി കുറ്റമറ്റതാണെന്ന് തോന്നിയിട്ടുണ്ടോ ? | ബാധകമല്ല |
| 11 | മരാമത്ത് ചട്ടപ്രകാരമുള്ള സാങ്കേതിക അനുമതി ആവശ്യമുണ്ടോ ? | ബാധകമല്ല |
| 12 | സ്ഥലപരിശോധന ആവശ്യമായ പ്രൊജക്ടാണെങ്കിൽ അത് നടത്തിയിട്ടുണ്ടോ ? | ബാധകമല്ല |
| 13 | സാമ്പത്തികക്ഷമത പരിശോധിച്ചതിൽ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗം അവലംബിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി വിജയപ്രദമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ? | ഇല്ല |
| 14 | ഉപയോഗപ്പെടുത്താൻ കഴിയുന്ന നിഷ്ക്രിയ ആസ്തികൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ | ബാധകമല്ല |
| 15 | പ്രൊജക്ടിന്റെ പ്രവർത്തനങ്ങളും സംഘടനാരീതികളും വിവരണാത്മകമായി എഴുതിയിട്ടുണ്ടോ ? | ബാധകമല്ല |
| 16 | ചെലവുകൾ ഇനം തിരിച്ചും ഇനങ്ങളിലെ വ്യത്യസ്ത ചെലവുകൾ വേർതിരിച്ചും രേഖപ്പെടുത്തിയിട്ടുണ്ടോ ? | ബാധകമല്ല |

| | | |
|---|---|---|
| | | |
| 17 | അനിവാര്യ ചുമതലകളുടെ ഭാഗമായുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഇല്ല |
| 18 | ആവശ്യമായ അനുമതി പത്രങ്ങൾ ലഭിച്ചിട്ടുണ്ടോ ? | ബാധകമല്ല |

മുകളിൽ രേഖപ്പെടുത്തിയ വ്യവസ്ഥകളിൽ ക്രമ നം. 1 മുതൽ 18 വരെയുള്ളവയ്ക്ക് നൽകിയ മറുപടി പരിശോധിക്കുകയാണെങ്കിൽ മേൽ പ്രൊജക്ടുകൾക്ക് ഒന്നിനും അനുമതി നൽകാവുന്നതല്ല. പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിൽ ഡാറ്റാ എൻട്രി നടത്തിയിട്ടും അതിന് അംഗീകാരം നൽകിയതിനെ കുറിച്ചും, ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കേണ്ട സാഹചര്യത്തെക്കുറിച്ചും വിശദീകരിക്കേണ്ടതാണ്.

## 3-5 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നൽകുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് 49) എന്ന പദ്ധതിയ്ക്കായി വകയിരുത്തിയത് 8,00,000 രൂപയാണ്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 4,00,000 | 4,00,000 | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 2,00,000 | 1,50,000 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | 35,000 | 35,000 |
| ആകെ | 8,00,000 | 6,35,000 | 6,35,000 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 49 പേരിൽ 36 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2017- 18 വാർഷിക പദ്ധതി

മാർഗ്ഗരേഖ ജി ഒ (എം എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു.

എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വെറും 15208 രൂപ നിരക്കിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് 1,65,000 രൂപ വകയിരുത്തിയിരുന്നെങ്കിലും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സമയത്ത് ഫണ്ട് കൈമാറിയിരുന്നില്ല. എന്നാൽ ടി തുക ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കാതെ മാർച്ച് 31 ന് അക്കൗണ്ടിലേക്ക് കൈമാറിയെങ്കിലും ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്യാൻ കഴിഞ്ഞില്ല.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയത്ത് ലഭിക്കാത്തതിനാലാണ്. മേൽ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ സ്കോളർഷിപ്പ്-ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതം യഥാ സമയത്തു ലഭിക്കാത്തതിന്റെ കാരണവും ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ തുക അനുവദിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള മുഴുവൻ തുകയും നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മാലിന്യ നിർമ്മാർജ്ജനം- പൊതു ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ - വിതരണം ചെയ്ത സാധനങ്ങളുടെ കണക്ക് സൂക്ഷിച്ചില്ല.

2017 -18 വർഷം നടപ്പാക്കിയ മാലിന്യ നിർമ്മാർജ്ജനം- പൊതു ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളുടെ നിർമ്മാർജ്ജനത്തിനും പൊതു ആവശ്യത്തിനുമായി ഉപകരണങ്ങൾ വാങ്ങി കുടുംബശ്രീ യൂണിറ്റുകൾക്ക് കൈമാറുകയാണ് ചെയ്തത്. വിശദാംശം ചുവടെ :-

പ്രൊജക്ട്- മാലിന്യ നിർമ്മാർജ്ജനം - പൊതു ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നമ്പർ- 258/18

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 3,50,000 രൂപ (വികസന ഫണ്ട്)

ചെലവ്- 3,49,042 രൂപ ( bill no. 0746/17-18 dtd 9.03.2018)

Fidco യിൽ നിന്ന് ഇതിനായി 1985 സ്റ്റീൽ പ്ലെയിറ്റും, ഗ്ലാസ്സും വാങ്ങുകയും ഇവ കുടുംബശ്രീകൾക്ക് വിതരണം ചെയ്യുകയും ഉണ്ടായി. പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) സ്റ്റീൽ പ്ലെയിറ്റും സ്റ്റീൽ ഗ്ലാസ്സും ഉപയോഗിക്കുന്നതുവഴി പ്ലാസ്റ്റിക് നിർമ്മാർജ്ജനം ഫലപ്രമാകുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

2) 1985 സ്റ്റീൽ പ്ലെയിറ്റും, 1985 സ്റ്റീൽ ഗ്ലാസ്സും വാങ്ങിയെന്ന് സ്റ്റോക്ക് ബുക്കിലെ പേജ് 120 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ കുടുംബശ്രീകൾക്ക് വിതരണം ചെയ്തതിന്റെ വിവരം, ഓരോ കുടുംബശ്രീക്കും നൽകിയതിന്റെ വിവരം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ലഭിച്ച മുഴുവൻ എണ്ണവും വിതരണം ചെയ്തെന്ന് ഉറപ്പ് വരുത്താനായില്ല.

3) വിതരണം ചെയ്ത പ്ലെയിറ്റും ഗ്ലാസ്സും കുടുംബശ്രീ ഉപയോഗപ്പെടുത്തിയതിന്റെ വിവരം, വാടക ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതും ഈ പാത്രങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കിട്ടുന്ന വാടക പഞ്ചായത്തിൽ അടവാക്കുന്നുണ്ടോ എന്നതിനെക്കുറിച്ചും വ്യക്തമാക്കേണ്ടതാണ്. ഈ പാത്രങ്ങളെ പഞ്ചായത്തിന്റെ ആസ്തിയായിട്ട് തന്നെയാണ് പരിഗണിക്കേണ്ടത്. ചെലവ് തുക 3,49,042 രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-7 <u>വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ - നടപടിക്രമം പാലിച്ചില്ല.</u>

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങുന്ന പ്രൊജക്ട് നടപടിക്രമം പാലിച്ചല്ല നടപ്പാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് – വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ

പ്രൊജക്ട് നമ്പർ- 288/18

നിർവ്വഹണം- വെറ്ററിനറി സർജ്ജൻ

അടങ്കൽ- 50,000 രൂപ (വികസന ഫണ്ട് )

ചെലവ്- 50,000 രൂപ (( bill no. 8/17-18 dtd 26.2.2018)

ക്വട്ടേഷൻ/ടെൻഡർ പ്രകാരം പത്രപരസ്യം ചെയ്താണ് വാങ്ങൽ നടപടി സ്വീകരിക്കേണ്ടത്. ക്വട്ടേഷൻ ക്ഷണിച്ചത് 3.2.2018 നും അവസാന തിയ്യതി 13.2.2018 നും ആണ്. ക്വട്ടേഷൻ പ്രകാരം കസാമിയ ഫർണിച്ചർ താമരശ്ശേരിയിൽ നിന്നും 50,000 രൂപയുടെ ഫർണിച്ചർ വാങ്ങി.

പ്രൊജക്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ജി ഒ (പി) 259/2010 തസ്വഭവ തി. 8.11.2010 പ്രകാരം 25000 രൂപ മുതൽ 1,00,000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ മുഖേന സാധനങ്ങൾ വാങ്ങാവുന്നതാണ്. എന്നാൽ, ഇവിടെ ക്വട്ടേഷൻ മുഖേനെയാണ് സാധനങ്ങൾ വാങ്ങിയത്.

2) ക്വട്ടേഷൻ ലഭിച്ചതിൽ റബ്കോ, കസാമിയ ഫർണിച്ചർ താമരശ്ശേരി, സി കെ ഫർണിച്ചർ താമരശ്ശേരി എന്നിവ ഉൾപ്പെടുന്നു. ഇതിൽ സി കെ ഫർണിച്ചർ താമരശ്ശേരിക്ക് ജിഎസ് ടി നം, മറ്റ് രജിസ്ട്രേഷൻ നം, എന്നിവ ചേർത്തിട്ടില്ല. കൂടാതെ കസാമിയ ഫർണിച്ചർ, സി കെ ഫർണിച്ചർ എന്നിവ ഒരേ തരത്തിലുള്ള ലെറ്റർപാഡിൽ ക്വട്ടേഷൻ തയ്യാറാക്കിയതിൽ സാമ്യം കാണുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്നതിന് മുമ്പായി മേൽ സ്ഥാപനങ്ങൾ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ള സ്ഥാപനമാണോ എന്നും ആവശ്യം വേണ്ട രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ക്വട്ടേഷനിലൂടെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 50,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## **3-8** സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല - സർക്കാർ ഗ്രാന്റുകൾ വൻതോതിൽ നഷ്ടപ്പെടുന്നു.

2017- 18 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 126 മരാമത്ത് പ്രോജക്ടുകളിൽ 69 പുതിയ പ്രോജക്ടുകളും 57 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടുന്നു. 69 പുതിയ പ്രോജക്ടുകളിൽ 28 എണ്ണത്തിനും 57 സ്പിൽ ഓവർ പ്രോജക്ടുകളിൽ 15 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. മരാമത്ത് പ്രവൃത്തികൾക്കായി ആകെ വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച | ചെലവഴി | ചെലവഴി |
|---|---|---|---|---|

| | | തുക | ക്കാത്ത തുക | ച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 23,86,416 | 13,36,547 | 10,49,869 | 56.01 |
| വികസന ഫണ്ട്-എസ്.സി.പി | 54,00,432 | 27,72,317 | 26,28,115 | 51.34 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 60,48,039 | 30,49,094 | 29,98,945 | 50.41 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 6,50,000 | 1,97,168 | 4,52,832 | 30.33 |
| തനത് ഫണ്ട് | 13,15,000 | 8,97,061 | 4,17,939 | 68.22 |
| ലോകബാങ്ക് ധനസഹായം | 12,25,623 | 11,84,125 | 41,498 | 96.61 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8,12,285 | 3,27,762 | 4,84,523 | 40.35 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 78,15,516 | 45,96,590 | 32,18,926 | 58.81 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 20,00,000 | 9,81,048 | 10,18,952 | 83.77 |

| | | | | |
|---|---|---|---|---|
| മറ്റുള്ളവ | 3,24,28,311 | 1,53,41,712 | 1,70,86,599 | 47.73 |

ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന രൂപത്തിൽ 1,09,14,807 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 10,49,869 |
| വികസന ഫണ്ട്- എസ്.സി.പി | 26,28,115 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 29,98,945 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 32,18,926 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 10,18,952 |
| ആകെ | 10914807 |

പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017] യിലെ ഖണ്ഡിക നം 6.8 പ്രകാരം സ്പിൽഓവർ പ്രോജക്കുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്പിൽ ഓവറായി തൻവർഷം ഏറ്റെടുത്ത തൃക്കുറ്റിശ്ശേരി - വാകയാട് റോഡിന് ചെലവൊന്നുമുണ്ടായില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം, സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം, കരാറുകാർ ഏറ്റെടുക്കുന്നതിൽ കാണിച്ച വിമുഖതയും ആയത് യഥാസമയം മോണിറ്ററിംഗ് നടത്താതിരുന്നതു പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായെന്ന് ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നു. മേൽ അപാകത ചൂണ്ടിക്കാട്ടുന്നതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ഡി.പി.സി അംഗീകാരം | സാങ്കേതിക അനുമതി | ടെണ്ടർ/ റീ ടെണ്ടർ | കരാർ |
|---|---|---|---|---|---|---|
| 1. | 82/17-18, എടോത്ത് താഴെ എച്ചിലുള്ള കണ്ടി | 3,00,000 | 31.05.2017 | 11.07.2017 | 05.8.2017/ 21.11.2017 | 19.12.2017 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് | | | | | |
| 2. | 83/17-18, കണ്ണാടിപ്പൊയിൽ കന്നിക്കുട് റോഡ് | 6,70,000 | 31.05.2017 | 11.08.2017 | 7.08.2017/ 24.11.2017 | 15.12.2017 |
| 3. | 86/17-18, നരയംകുളം ചാലിൽമുക്ക് റോഡ് | 2,75,000 | 31.05.2017 | 12.07.2017 | 7.08.2017/ 21.11.2017 | 14.12.2017 |
| 4. | 94/17-18, എൻ.എൻ കക്കാട് മുല്ലപ്പള്ളി താഴം റോഡ് | 5,09,000 | 31.05.2017 | 12.07.2017 | 11.8.2017/ 24.11.2017 | 09.01.2018 |
| 5. | 95/17-18, കുതിരപ്പന്തി - കറ്റിയുള്ളതിൽ തച്ചറുകണ്ടി മുക്ക് റോഡ് | 3,30,000 | 31.05.2017 | 19.07.2017 | 05.8.2017/ 21.11.2017 | 09.01.2018 |
| 6. | 98/17-18, നീറോത്ത് ഐ.സി. ഡി.പി സെന്റർ മെയിന്റനൻസ് | 2,00,000 | 31.05.2017 | 11.07.2017 | 11.08.2017/ 21.11,2017 | 14.12.2017 |

| | | | | | | |
|---|---|---|---|---|---|---|
| 7. | 100/17-18, നെറ്റ്യാത്ത് മുക്ക് മേച്ചാലക്കര റോഡ് | 5,23,000 | 31.05.2017 | 11.07.2017 | 7.8.2017/ 24.11.2017 | 28.03.2018 |
| 8. | 104/17-18, ഹെൽത്ത് സെന്റർ ഒറവള്ളൂർ കോട്ടക്കുന്ന് റോഡ് | 1,60,000 | 31.05.2017 | 19.07.2017 | 05.8.2017/ 21.11.2017 | 26.12.2017 |
| 9. | 115/17-18, പതിനൊന്ന് കണ്ടി തൃക്കുറ്റിശ്ശേരി റോഡ് | 6,22,000 | 31.05.2017 | 11.07.2017 | 11.8.2017/ 16.12.2018 | 01.01.2018 |
| 10. | 123/17-18, തൃക്കുറ്റിശ്ശേരി കുടുംബക്ഷേമ ഉപകേന്ദ്ര കെട്ടിടം മെയിന്റനൻസ് | 1,25,000 | 31.05.2017 | 17.07.2017 | 05.8.2017/ 21.11.2017 | 12.12.2017 |
| 11. | 125/17-18, മൂലാട് ചെങ്ങോട്ടിമല പോസ്റ്റോഫീസ് | 49,000 | 31.05.2017 | 19.07.2017 | കമ്മിറ്റി | 13.03.2018 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് | | | | | |
| 12. | 130/17-18, പടിയക്കണ്ടി തിരുവോട് റോഡ് | 3,00,000 | 31.05.2017 | 12.07.2017 | 05.8.2017/ 21.11.2017 | 09.01.2018 |
| 13. | 131/17-18, പരപ്പിൻ കാട്ടിൽ ഓക്കോട്ട് മീത്തൽ റോഡ് | 1,00,000 | 31.05.2017 | 19.07.2017 | 05.8.2017/ 21.11.2017 | 19.12.2017 |
| 14. | 140/17-18, ഖരമാലിന്യ നിർമ്മാർജ്ജനം- സ്റ്റോറേജ് ഷെഡ് നിർമ്മാണം | 8,45,000 | 31.05.2017 | 25.08.2017 | 27.11.2017/ 2.2.2018 | 19.01.2018 |
| 15. | 141/17-18, പകൽ വീട് നിർമ്മാണം | 3,35,000 | 31.05.2017 | 08.08.2017 | ULCCS | 19.01.2018 |
| 16. | 143/17-18, കട്ടളി മുല്ലപ്പള്ളിതാഴം റോഡ് | 8,10,747 | 31.05.2017 | 20.11.2017 | ULCCS റീ-ടെണ്ടർ | 19.01.2018 |

| | | | | | | |
|---|---|---|---|---|---|---|
| 17. | 152/17-18, ജൈവമാലിന്യ സംസ്കരണം - തുമ്പൂർമുഴി പ്ലാന്റ് സ്ഥാപിക്കൽ | 1,92,000 | 31.05.2017 | 24.11.2017 | | |
| 18. | 159/17-18, മാലിന്യ നിർമ്മാർജ്ജനം - എം.ആർ.എഫ് സെന്ററിന് ചുറ്റുമതിൽ നിർമ്മാ ണം | 6,31,227 | 31.05.2017 | 30.01.2018 | 19.02.2018 | 28.02.2018 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, ഖണ്ഡിക നം. 6.11, 7.1 എന്നിവ അനുസരിച്ച് ഡി.പി.സി അംഗീകാരം ലഭിച്ചയുടൻ പ്രോജക്ടുകൾ എസ്റ്റിമേറ്റ് സഹിതം സാങ്കേതികാനുമതിക്ക് നൽകേണ്ടതാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്നതിന് ഭൂരിഭാഗം പ്രവൃത്തികളിലും മൂന്നോ നാലോ മാസം താമസം വരുന്നുണ്ട്. ഒരു പദ്ധതി കരാർ വെച്ചതിനു ശേഷം കരാറുകാരൻ പദ്ധതി ഉപേക്ഷിച്ചതായും കാണുന്നു (മേൽ പട്ടികയിലെ ക്രമ നം. 17). പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ വ്യക്തമല്ല. തൻവർഷം അംഗീകാരം ലഭിച്ച ഭൂരിഭാഗം പ്രവൃത്തികളും കരാറുകാരെ നിശ്ചയിക്കാൻ കഴിഞ്ഞത് സാമ്പത്തിക വർഷാവസാനത്തിലാണ്. പ്രവൃത്തികളുടെ പൂർത്തീകരണ ഘട്ടങ്ങൾ കാണിക്കുന്ന പ്രവർത്തന കലണ്ടർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയില്ല. തൻവർഷം (കരാർ ചമച്ച) പൂർത്തീകരിക്കാത്ത മേൽ പ്രോജക്ടുകൾ 2018-19 വർഷത്തേയ്ക്ക് സ്പിൽഓവർ ആയി ഉൾപ്പെടുത്തേണ്ടി വരുന്നു. സ.ഉ.(സാധാ) നം. 3088/2018/ധന. തീയതി, 31.03.2018 പ്രകാരം വിവിധ പ്രാദേശിക സർക്കാരുകൾക്കുള്ള 2016-17 വർഷത്തെ സ്പിൽ ഓവർ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 100% വികസനഫണ്ട് വിനിയോഗം നടത്തിയ പ്രാദേശിക സർക്കാരുകൾക്ക് സ്പിൽഓവർ പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നുവെന്നാണ് മേൽ ഉത്തരവിൽ വ്യക്തമാക്കുന്നത്. മേൽ

സാഹചര്യത്തിൽ സ്പിൽഓവർ പദ്ധതികൾക്കുള്ള തുക സർക്കാരിൽ നിന്നും ലഭ്യമാകണമെങ്കിൽ 2018-19 വർഷത്തെ വികസനഫണ്ട് 100% ചെലവഴിക്കേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ അഞ്ച് യോഗങ്ങൾ 2017-18 വർഷത്തിൽ ചേർന്നിരുന്നു. ഇതിൽ ഒരു യോഗത്തിലും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനെപ്പറ്റി ചർച്ചയോ തീരുമാനങ്ങളോ തുടർനടപടികളോ ഉണ്ടായില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിലും ഇത് സംബന്ധിച്ച ചർച്ച നടന്നു കാണുന്നില്ല. പദ്ധതികൾ ഭേദഗതി ചെയ്യുന്നതിന്റെയും ഒഴിവാക്കുന്നതിന്റെയും തീരുമാനങ്ങൾ മാത്രമാണ് ഭൂരിഭാഗം സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും നടന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടായിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം സമയബന്ധിതമായി നടത്തുന്നതിന് കരാറുകാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.01.2018 ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി മിനുട്സ് പരിശോധനയിൽ നിന്ന് വ്യക്തമാകുന്നില്ല. എന്നാൽ സ്പിൽഓവർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും എടുത്ത തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-9 റോഡ് പ്രവൃത്തികളിൽ പാച്ച് സോളിംഗ് വ്യാപകം

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മിക്ക പ്രവൃത്തികളും നിലവിലെ റോഡിന്മേലുള്ള പാച്ച് സോളിംഗ്/പോട്ട് ഹോൾ ഫില്ലിംഗ് എന്നിവയാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, എം | പ്രോജക്ടിന്റെ പേര് | ആകെ പ്രവൃത്തി | പാച്ച് സോളിംഗ് |
|---|---|---|---|---|

| | ബുക്ക് നം | | മൂല്യം | ചെലവ് |
|---|---|---|---|---|
| 1. | 217/17-18, 427/16-17 | നാട്ടിപ്പാറ അടുക്കമല പാലോളിത്താഴം റോഡ് | 3,98,033 | 41,797 |
| 2. | 143/17-18, 541/17-18 | ആരാമ്പ്രം പൂളക്കാടി പുറ്റാൾ റോഡ് | 2,99,001 | 1,12,997 |
| 3. | 215/17-18, 413/16-17 | ആരാമ്പ്രം പുല്ലോർക്കാവിൽ റോഡ് | 4,29,941 | 30,008 |
| 4. | 242/17-18, 197/15-16 | വെള്ളാരംകണ്ടി ക്കൂട്ടംപുറത്ത് താഴം റോഡ് | 1,28,594 | 52,019 |
| 5. | 216/17-18, 421/16-17 | പൂവത്തുംകണ്ടി മേക്കപ്പടി ചാത്തമ്പുറം റോഡ് | 1,70,781 | 48,345 |
| 6. | 144/17-18, 539/18 | ചോലക്കരത്താഴം കുറുപ്പുറം മേപ്പരിക്കാട്ട് റോഡ് | 2,49,505 | 99,015 |
| 7. | 249/17-18, 545/18 | മുട്ടാഞ്ചേരി പി.എച്ച്.സി റോഡ് | 1,34,893 | 35,765 |

മേൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ നിർമ്മാണ പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യത്തിന്റെ വലിയൊരു ഭാഗം പാച്ച് സോളിംഗ്/പോട്ട് ഹോൾ ഫില്ലിംഗിനായി ഉപയോഗിക്കേണ്ടി വരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## **3-10** എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നു

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സ്, ഭരണസമിതി മിനുട്സ് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ആകെ ഡി.പി.സി അംഗീകാരം വാങ്ങിയ 56 പുതിയ പ്രോജക്ടുകളിൽ 21 എണ്ണം തൻവർഷം പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നം, പേര് | ഭരണസമിതി തീരുമാനം | റിമാർക്ക്സ് |
|---|---|---|---|
| 1. | പറച്ചേരിപറമ്പ് താനത്തും കണ്ടി മാമിയിൽ കടവ് റോഡ് | 70/17(11)/ 10.04.2017 | റോഡ് ഫിൽ ചെയ്യുന്നതിനുള്ള ഇനം ഒഴിവാക്കി പകരം റോഡ് കട്ടിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് മാറ്റി |
| 2. | നാടിപ്പാറ അടുക്കമല – പാലോളിത്താഴം റോഡ് | 52/15.02.2018 | പ്രവൃത്തിക്ക് 20 മീറ്റർ ടാർ ചെയ്യുന്നതിന് സാധിക്കാത്ത സ്ഥലമായതിനാൽ ഈ 20 മീറ്റർ സ്ഥലം കോൺക്രീറ്റ് ആക്കി മാറ്റുന്നതിന് തീരുമാനിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ചു. |
| 3. | അങ്കത്തായ് അങ്കണവാടി അടുക്കള നിർമ്മാണം | 89എ/10/ 15.02.2018 | അങ്കത്തായ് അങ്കണവാടി അടുക്കള നിർമ്മാണ പ്രവൃത്തി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റിൽ നിന്നും അനിവാര്യമായ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ചു. മാറ്റങ്ങൾ എന്തിനെന്ന് വ്യക്തമല്ല. |

| | | | |
|---|---|---|---|
| | | | |
| 4. | 248/17, മേപ്പരിക്കാട്ട് ചോലക്കരത്താഴം റോഡ് | 7(1)/21.12.2017 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടി സ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ചു. |
| 5. | ...., കിഴക്കയിൽ എൻ. എൻ കക്കാട് റോഡ് പ്രവൃത്തി | 79/27.02.2018 | പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റിലെ അപാകത കാരണം, തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്താൻ കഴിഞ്ഞില്ല. മുൻവർഷം ചെയ്ത പ്രവൃത്തിയുടെ തുടർച്ചയായി പ്രവൃത്തി നടത്തുവാൻ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് വാർഡ് മെമ്പർ നൽകിയ കത്ത് ഭരണസമിതി അംഗീകാരിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടി ന്റെ അടിസ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ചു. |

| | | | |
|---|---|---|---|
| | | | |
| 6. | അരയമ്മാട്ട് റോഡ് - തണ്ടപ്പുറം റോഡ് | 64(2)/26.04.17 | വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് റോഡ് ഉയർത്തി ഇരു ഭാഗങ്ങളിലും കോൺക്രീറ്റ് കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്തു. എഞ്ചിനീയറുടെ ശുപാർശയുടെ അടി സ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ചു. |
| 7. | എടോത്ത് കുന്നമ്മൽ തിരുമുമ്പിൽ താഴെ ചുണ്ട്യച്ചൻ കണ്ടി റോഡ് | 64(3)/26.04.17 | കയറ്റമുള്ള ഭാഗത്ത് ടാറിംഗിനു പകരം കോൺക്രീറ്റും ഉപയോഗിക്കാൻ വാർഡ് മെമ്പർ ആവശ്യപ്പെട്ടു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടി സ്ഥാനത്തിൽ ഭേദഗതി അംഗീ കരിച്ചു. |

എസ്റ്റിമേറ്റുകൾ പുതുക്കിയതിനുള്ള മിക്ക കാരണങ്ങളും പ്രോജക്ട് രൂപീകരണ വേളയിൽ തന്നെ മുൻകൂട്ടി കാണാൻ കഴിയുന്നതായിരുന്നെന്ന് ഫയൽ ഉൾപ്പെടെയുള്ള

രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥത, ലഭ്യത, അനുയോജ്യത ഉറപ്പ് വരുത്തുക, പ്രോജക്ട് മൂലം നിറവേറ്റപ്പെടേണ്ട ആവശ്യങ്ങൾ പ്രോജക്ട് തയ്യാറാക്കുന്ന അവസരത്തിൽതന്നെ തിരിച്ചറിയുക എന്നീ പ്രാഥമിക പ്രവർത്തനങ്ങളില്ലാതെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്നതാണ് വ്യാപകമായ എസ്റ്റിമേറ്റ് പുതുക്കലിന് കാരണമാകുന്നത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പുതുക്കിയ PWD മാന്വലിലെ 1301, 1302, 1402 എന്നീ വകുപ്പുകളിലെ നിർദ്ദേശങ്ങളും ഇവിടെ പാലിക്കപ്പെടുന്നില്ല.

എസ്റ്റിമേറ്റ് പുതുക്കുന്നത് മൂലം തൻവർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ (പ്രത്യേകിച്ചും വർഷാവസാനം) സ്ഥാപനത്തിൽ ലഭ്യമായ ഫണ്ട് നഷ്ടപ്പെടുന്നതിനിടയാകുന്നു. ഏകവർഷ പ്രോജക്ടായി വിഭാവനം ചെയ്ത്, മുഴുവൻ തുകയും വകയിരുത്തുന്ന പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിക്കപ്പെടാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നു. എസ്റ്റിമേറ്റുകൾ പുതുക്കുന്നത് മൂലമുള്ള അധിക ചെലവ്, മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കാത്തത് മുതലായവ പാഴ്ചെലവിന് കാരണമാകുന്നു.

എസ്റ്റിമേറ്റ് പുതുക്കണമെന്ന ആവശ്യം ജനപ്രതിനിധികളോ നിർമ്മിക്കാനുദ്ദേശിക്കുന്ന ആസ്തികളുടെ ഗുണഭോക്താക്കളോ ഉന്നയിക്കുന്ന മുറയ്ക്ക് തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി പുതുക്കി നൽകുന്നു. ഇതിലേക്ക് നയിക്കുന്നത് ഉദ്യോഗസ്ഥതല വീഴ്ചകളാണെങ്കിൽ ഉത്തരവാദിത്തം നിജപ്പെടുത്തുകയോ വിശദീകരണം ആരായുകയോ ചെയ്യുന്നില്ല. ആയതിനാൽ യാതൊരു നിയന്ത്രണങ്ങളുമില്ലാതെ എസ്റ്റിമേറ്റുകൾ പുതുക്കുന്നതിന് ഇത് ഇടയാക്കുന്നു.

മേൽ അപാകതകയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 3-11 സ്പിൽഓവർ ഓവർ പ്രോജക്ടുകൾ - സ്പിൽഓവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ 31.03.18 നകം പൂർത്തിയാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 200/18, ഹെൽത്ത് സെന്റർ പരപ്പാടിച്ചാലിൽ റോഡ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 3,00,000 |
| 2. | 202/18, തെക്കേടത്ത് താഴം അരീപടിഞ്ഞാറത്ത് വള്ളോപ്പറമ്പ് റോഡ് | സി.എഫ്.സി | 2,00,000 |
| 3. | 204/18, സാംസ്കാരിക നിലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | എസ്.സി.പി | 4,60,000 |
| 4. | 205/18, എട്ടകണ്ടം പുല്ലോറമ്മൽ റോഡ് | തനത്ഫണ്ട് | 1,00,000 |
| 5. | 207/18, കൊട്ടാരക്കുന്ന് ഇടവഴി | വികസനഫണ്ട് ജനറൽ | 25,000 |
| 6. | 210/18, കാമ്പ്രത്ത് കുന്ന് കുടിവെള്ള പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ | വികസനഫണ്ട് ജനറൽ | 50,000 |
| 7. | 211/18, പൈങ്ങാറ്റമ്മൽ അങ്കണവാടി കുടിവെള്ളം ലഭ്യമാക്കൽ | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 50,000 |
| 8. | 213/18, മുട്ടാഞ്ചേരി പി.എച്ച്.സി നവീകരണം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 52,00,000 |
| 9. | 220/18, മേലേടത്ത്മുക്ക് പേനക്കുഴി റോഡ് | സി.എഫ്.സി | 2,50,000 |
| 10. | 223/18, ലക്ഷംവീട് നാലുസെന്റ് കോളനി റോഡ് | സി.എഫ്.സി | 1,50,000 |
| 11. | 232/18, മുട്ടാഞ്ചേരി പി.എച്ച്.സി ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,00,000 |
| 12. | 234/18, നെല്ലിയച്ചാൽ കുഴിമ്പാട്ട കുഴി കറുത്തടത്ത് റോഡ് | എസ്.സി.പി | 1,00,000 |

| | | | |
|---|---|---|---|
| 13. | 245/18, മൊടയനിച്ചാലിൽ പുള്ളണിച്ചാലിൽ റോഡ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 2,50,000 |
| 14. | 250/18, മുട്ടാഞ്ചേരി പി.എച്ച്.സി രൂപീകരണം | സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,75,000 |
| 15. | 252/18, ഈൗർമ്മങ്ങൽ കൊല്ലരുകണ്ടി റോഡ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,00,000 |

പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017] യിലെ ഖണ്ഡിക നം 6.8 പ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ച സ്പിൽഓവർ പ്രവൃത്തികൾക്ക് വകയിരുത്തിയതിൽ യാതൊരു തുകയും തൻവർഷം ചെലവഴിച്ചില്ല. മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതിരുന്നതിന് മറുപടി നൽകേണ്ടതും മേൽ സൂചിപ്പിച്ച ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിച്ചെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-12 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

തൻവർഷം പാലിന് സബ്സിഡി ഇനത്തിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കി. പാലിന് സബ്സിഡി ജനറൽ (So 16/18) പാലിന് സബ്സിഡി വനിത (So114/18) എന്നിവയാണിവ. വികസനഫണ്ട്, ബ്ളോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കിയത്. ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു

| ക്രമ നമ്പർ | ക്ഷീര കർഷക സംഘ ത്തിൻെറ പേര് | ഗുണഭോ ക്താക്കളുടെ എണ്ണം | വികസന ഫണ്ട് | ബ്ളോക്ക് ഫണ്ട് | ജില്ലാ പഞ്ചാ യത്ത് വിഹിതം | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മടവൂർ | 27 | 1,00,756 | 5890 | 12,935 | 1,19,581 |
| 2 | പുല്ലാളൂർ | 12 | 50,751 | 3001 | 6,193 | 59,945 |
| 3 | ആരാമ്പ്രം | 20 | 79,745 | 4510 | 11,694 | 95,949 |
| 4 | മുട്ടാഞ്ചേരി | 22 | 1,03,854 | 6399 | 10,192 | 1,20,445 |
| 5 | എരവന്നൂർ | 8 | 42,611 | 2374 | 7,395 | 52,380 |
| | ആകെ | 89 | 3,77,717 | 22174 | 47,609 | 4,48,300 |

So 114/18

| ക്രമനമ്പർ | ക്ഷീര കർഷക സംഘം | ഗുണഭോക്താക്കളുടെ എണ്ണം | വികസന ഫണ്ട് | ജില്ലാപഞ്ചായത്ത് വിഹിതം | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 1 | മടവൂർ | 22 | 30,503 | 9,152, | 10886 | 50541 |
| 2 | പുല്ലാളൂർ | 12 | 25,101 | 7,524 | 8791 | 41,416 |
| 3 | ആരാമ്പ്രം | 3 | 5,460 | 1,638 | 929 | 8,027 |
| 4 | മുട്ടാഞ്ചേരി | 15 | 15,390 | 4,617 | 6315 | 26,322 |
| 5 | എരവന്നൂർ | 22 | 23,546 | 7,063 | 9524 | 40,133 |
| | ആകെ | 74 | 1,00,000 | 29,994 | 36445 | 1,66,439 |

13-ാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖ (ജി ഒ (എം.എസ്)നം.80/2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നേരിട്ട് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകുന്നതിന് പകരം 10,63,039 രൂപ

(8,96,600 + 1,66,439) ക്ഷീരകർഷക സഹകരണ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നത് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. അപാകതകയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 3-13 വാഴക്കന്ന് വിതരണം പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ചെലവ് : 181824 രൂപ BillNo 06/2017-18

60608 രൂപ (Sanction Order No 1 40,30.01.2018)

മേൽ ഗുണഭോകതൃവിഹിതം ചെലവഴിച്ചു കൊണ്ട് തിരുവമ്പാടി ആഗ്രോസർവീസ് സെന്ററിൽ നിന്നു 15152 വാഴക്കന്നുകൾ 16രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തു. ഞാവലിൻ, നേന്ത്ര കന്നുകൾ ആണ് വിതരണം ചെയ്തത്. വിതരണം ചെയ്തതിന്റെ അപാകതകൾ താഴെപറയുന്നു.

| വാർഡ് നം. | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്തവയുടെ വിവരം | | | |
|---|---|---|---|---|---|
| | | നേന്ത്രൻ | ഞാവലിൻ | ആകെ | വിശദവിവരം |
| 1 | 10 | | | | വിതരണവിവരം ലഭ്യമല്ല. |
| 2 | 13 | 275 | 275 | 550 | |
| 3 | 10 | | | | വിതരണവിവരം ലഭ്യമല്ല |
| 4 | 15 | 350 | 350 | 700 | |
| 5 | 15 | | | | വിതരണവിവരം ലഭ്യമല്ല |
| 6 | 23 | | | | വിതരണവിവരം ലഭ്യമല്ല |
| 7 | 9 | | | | വിതരണവിവരം ലഭ്യമല്ല |
| 8 | 31 | | | | വിതരണവിവരം ലഭ്യമല്ല |
| 9 | 18 | | | | വിതരണവിവരം ലഭ്യമല്ല |
| 10 | 21 | | | | വിതരണവിവരം ലഭ്യമല്ല |
| 11 | 15 | | | | വിതരണവിവരം |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമല്ല |
| 12 | 29 | | | | വിതരണവിവരം ലഭ്യമല്ല |
| 13 | 13 | | | | വിതരണവിവരം ലഭ്യമല്ല |
| 14 | 26 | 382 | 379 | 761 | |
| 15 | 38 | 1000 | 1000 | 2000 | |
| 16 | 29 | | | | വിതരണവിവരം ലഭ്യമല്ല |
| 17 | 17 | | | | വിതരണവിവരം ലഭ്യമല്ല |
| ആകെ | 332 | 2007 | 2004 | 4011 | |

വിതരണ രജിസ്റ്റർ പ്രകാരം 4011 വാഴക്കന്നുകൾ വിതരണം ചെയ്തതിൻെറ രേഖകൾ മാത്രമാണ് സമർപ്പിച്ചത്. യഥാർത്ഥത്തിൽ 15152 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. അവശേഷിക്കുന്ന വാഴക്കന്നുകൾ എന്തു ചെയ്തു എന്നുള്ള വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 832762 | 1)ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി<br>2)ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി (വനിത)<br><br>3)ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്<br>4)മേലെത്തോട്ട് എസ് സി കോളനി വയോജന മന്ദിരം നിർമാണം | 152500<br>152500<br>200000<br>327762 | |
| | | | ആകെ | 832762 | |
| ജില്ലാ പഞ്ചായത്ത് | | 672500 | 1)നെൽകൃഷി കൂലിച്ചെലവ്<br>2)ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നപർക്ക് സ്കോളർഷിപ്പ്<br>3)ക്ഷീര | 212500<br>200000 | 165000 |

| | | | | | |
|---|---|---|---|---|---|
| | | | കർഷകർക്ക്<br>പാലളക്കുന്നതിന്റെ<br>സബ്സിഡി<br>4)ക്ഷീര<br>കർഷകർക്ക്<br>പാലളക്കുന്നതിന്റെ<br>സബ്സിഡി<br>(വനിത)<br>5)ക്ഷീരഗ്രാമം | 30000<br><br><br>30000<br><br><br>200000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പകൽ വീട് കുടിവെള്ള കണക്ഷൻ | | 15000 | 15000 | 0 |
| | പുള്ളൂണിച്ചാൽ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ | | 80000 | 80000 | 0 |
| | മഠത്തും കുഴി കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ | | 65000 | 65000 | 0 |

| | | | | | |
|---|---|---|---|---|---|
| | മോഡൽ അംഗനവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | | 25000 | 25000 | 0 |
| | പരപ്പാറ പൈപ്പ്ലൈൻ | | 100000 | 100000 | 0 |
| | ചോവ്വഞ്ചേരിത്താഴം പൈപ്പ്ലൈൻ നീട്ടൽ | | 115000 | 115000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |

| | | | | |
|---|---|---|---|---|
| ഇ. എം.എസ് ലോൺ | 1257500 | 450000 | | 807500 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 13-14 | 2-2(3) | 5000 | തഹസിൽദാർ, കോഴിക്കോട് | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബാധ്യതയുണ്ടെങ്കിൽ ഈടാക്കി റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകാൻ ശുപാർശ |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 11.13<br>3-2 | നേതൃച്ചാലിൽ ജലസേചന പദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) | ലഭ്യമല്ല. |
| 2002-03 | 6 | 2004-05 | 11.1.2.1 | ടെണ്ടർ വേലകളുടെ ഗുണമേൻമ – ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പ് വരുത്തുന്നില്ല. | ടെണ്ടർ ഗുണമേന്മ പരിശോധിച്ച് ബോധ്യപ്പെട്ടത് പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-3 | 2005-06 | പൊതു പരാമർശം 1-13 | റോഡ് നിർമ്മാണ പ്രവൃത്തികൾ | ലഭ്യമല്ല. |
| 2003-04 | 3-11 | 2005-06 | പൊതു പരാമർശം | ഭവനനിർമ്മാണം- ധനസഹായം കൈപ്പറ്റിയിട്ടും | ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന |

| | | | | | |
|---|---|---|---|---|---|
| | | | 4-5 | നിർമ്മാണം പൂർത്തിയാക്കിയില്ല | മുറക്ക് ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം 10 | വെള്ളക്കരം - വസ്തു കൈമാറ്റ തീരുവ- ലക്ഷങ്ങൾ ജല അതോറിറ്റിക്ക് | ഒഴിവാക്കാൻ ശുപാർശ |
| 2007-08 | 3-1 | 2010-11 | | തസ്വഭവ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-1,2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/തീ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | യതി) | ക്കിയ തുക (തീയ തി) | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 31 | കെ.ഗോപാലൻ, സെക്രട്ടറി | LF3442/ Spl.Cell/ SC4/ 2000 dt.12.11.01 | 2385 | - | - | - | - | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63143959 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58818071 |
| വരവിനങ്ങളിലുള്ള നഷ്ടം | : | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 62358 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1842845 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-3 | .. | 62358 | ഒ.സുലൈമാൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 275000 | നഫീസ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | 33370 | നഫീസ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-3 | 1135433 | ഒ സുലൈമാൻ, സെക്രട്ടറി |
| 3-6 | 349042 | പവിത്ര കെ കെ, സെക്രട്ടറി |
| 3-7 | 50000 | ഡോ. ജയശ്രീ കെ.കെ വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ഒ സുലൈമാൻ, സെക്രട്ടറി | റിട്ടയേർഡ് | ഹോളി കോട്ടേജ്, പന്നൂർ, കോഴിക്കോട് |
| പവിത്ര കെ കെ, സെക്രട്ടറി | അസി സെക്രട്ടറി മടവൂർ | നന്ദനം, കുരുവട്ടൂർ |
| നഫീസ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപർവൈസർ | |
| ഡോ. ജയശ്രീ കെ. കെ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | പിണക്കാട്ട് വീട്, കോടഞ്ചരി പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.കെ കെ ഡി പി1/705/2013-19/06/2013 | 2 | 34,37 |
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി.പി1/705/13/ 19.6.13 | 1 | 27 |
| 2003-04 | നം.എൽ. എഫ്. കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 4 | 3-1,3-3,3-4(2),3-11 |

| | | | |
|---|---|---|---|
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി. പി1/ 1982/12(7)/ 5.9.12 | 20 | 2-6,2-8,2-13,3-1, 3-2,3-3,3-4,3-6, 3-7(1),(2),3-8,3-9, 3-10,3-11,3-12, 3-13,3-14,3-15, 3-16,4-2 |
| 2008-09 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(8)/ 27.8.12 | 18 | |
| 2009-10 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(9)/ 27.8.12 | 9 | 2-2, 2-4(1), (2), (3), (4), 3-1, 3-6, 4-3, 4-7 |
| 2010-11 | നം.എൽ. എഫ്.കെ. കെ.ഡി. പി1 /84/12/29.1.13 | 31 | |
| 2011-12,12-13 | നം.എൽ.എഫ്.കെ.കെ.ഡി. പി1 /279/15/ 11.03.15 | 13 | 3-1,3-3,3-5,3-6,3-7, 3-9,3-11,3-12, 3-13,3-14, 3-15(1)(2)(4) |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2227/2016 തീ.27.04.17 | 32 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6, 3-7,3-8,3-9, 3-10,3-11,3-12, 3-13,3-14, 3-15,3-16 3-17,3-18,3-19, 3-20(1,2,3,4), 3-21,3-22,3-23, 3-24,3-25,3-27,,3-28 |

| | | | |
|---|---|---|---|
| | | | |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /547/2017തീ. 04.05.2017 | 25 | 1-3(1,2,3,4),2-1, 2-2,2-3(1), 2-3(2),2-4,3-1(1), 3-1(2),3-2,3-3, 3-4,3-5,3-6,3-7, 3-8(1),3-8(2), 3-9,3-10,3-11, 3-12, 3-13,3-14, 3-15,3-16, |
| 2016-17 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /2472/2017 തീ. 03.01.18 | 17 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-17, 3-18, |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി1/ 25/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:24.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്